# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:248** **18.06.2019-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യസമ്പത്ത്


ചോദ്യം
ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി.ജെ.ജോസഫ്
ശ്രീ. സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

മറുപടി
ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):


| ചോദ്യം | മറുപടി |
|---|---|
| എ) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ഉണ്ട്. മത്സ്യസമ്പത്തിലുണ്ടായിരുന്ന കുറവ് മാത്രമല്ല പൊതുജലാശയങ്ങളുടെ വിസ്തൃതിയും വലിയ ശോഷണവും ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി കേരളത്തിലെ ഏറ്റവും വലിയ കായലുകളായ വേമ്പനാട് കായലിന്റെയും അഷ്ടമുടി കായലിന്റെയും വിസ്തൃതിയും ആഴവും വലിയ അളവിൽ കുറഞ്ഞ് വരികയാണ്. ജല മലിനീകരണം, അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ, കണ്ടൽ കാടുകളുടെ നശീകരണം, കാലാവസ്ഥാ വ്യതിയാനം, കൃഷി മേഖലയിലെ അമിതമായ രാസവള പ്രയോഗം, പ്രകൃതിദത്തമായ മത്സ്യ പ്രജനന കേന്ദ്രങ്ങളുടെ നശീകരണം, ഉൾനാടൻ ജലാശയങ്ങളുടെ ആഴവും വിസ്തൃതിയും ശോഷിക്കൽ എന്നിവയെല്ലാം ഉൾനാടൻ മത്സ്യ സമ്പത്ത് കുറയാനുള്ള കാരണങ്ങളാണ്. |
| ബി) ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതും വർദ്ധിപ്പിക്കുന്നതും ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 109.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ഉൾനാടൻ മത്സ്യസംരക്ഷണത്തിനും പരിപാലനത്തിനുമായി 835 ലക്ഷം രൂപയും മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ വികസനത്തിനുമായി 1800 ലക്ഷം രൂപയും ജലകൃഷി വികസന പദ്ധതികൾക്കായി 7420 ലക്ഷം രൂപയും അക്വാകൾച്ചറിന് വേണ്ടിയുള്ള സഹായ സേവനങ്ങൾക്കായി 700 ലക്ഷം രൂപയും ഉൾനാടൻ മത്സ്യഭവനുകളുടെ പ്രവർത്തനങ്ങൾക്കായി 150 ലക്ഷം രൂപയും ഉൾപ്പെടുന്നു. |

ഉൾനാടൻ ജലാശയങ്ങളിൽ കായൽ പട്രോളിംഗ് നടത്തി അനധികൃത മത്സ്യബന്ധന രീതികൾ തടയുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി 2019-20 സാമ്പത്തിക വർഷം 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യബന്ധന നിയമം ശക്തമായി നടപ്പിലാക്കുന്നതിലേക്കായി നിലവിലുള്ള കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ ഭേദഗതികൾ വരുത്തി ഉൾനാടൻ മത്സ്യബന്ധന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ കായലുകളിലും മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ട്.

ഉൾനാടൻ മത്സ്യമേഖലയിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതുവഴി ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനുമായി 14 ജില്ലകളിലെ പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞ് നിക്ഷേപ പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം 295 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ജലകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ജനകീയമത്സ്യകൃഷി പദ്ധതി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി 7420 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4850 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 6 പദ്ധതികൾ കേന്ദ്രാനുമതി ലഭിയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**